പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1217

21.3.2013- ൽ
മറുപടിക്ക്

## കയർ വിപണിവികസന സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, ഹൈബി ഈഡൻ<br>,, പാലോട് രവി<br>,, വി. പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട കയർ ഉല്പാദക സഹകരണ സംഘങ്ങൾക്ക് വിപണിവികസന സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) ഉണ്ട്. ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ കയർ കോർപ്പറേഷനു വിൽക്കുന്ന കയർ ഉൽപ്പന്നങ്ങളുടെ വില്പന തുക കണക്കാക്കിയുള്ള എം.ഡി.എ.യുടെ 50% കയർ കോർപ്പറേഷൻ, സർക്കാർ ഇതിനായി നൽകുന്ന ഫണ്ടിൽനിന്നും ചെറുകിടഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് വിപണി വികസന സഹായമായി നൽകുന്നതാണ് ഈ പദ്ധതി. |
| (ബി)പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം; | (ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും (റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ) വിൽപ്പന പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കമോ; | (സി) കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേനയാണ് ചെറുകിട ഉൽപാദക സഹകരണ സംഘങ്ങൾക്കു എം.ഡി.എ നൽകുന്നത് |

| | |
|---|---|
| (ഡി) എന്തെല്ലാം സഹായങ്ങളാണ് സംഘ - ങ്ങൾക്ക് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം? | ഡി) ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന എം.ഡി.എ താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഉപയോഗി ക്കാവുന്നതാണ്.<br>• പ്രചരണം<br>• പുതിയ ഷോറൂമുകൾ, വിൽപ്പന കേന്ദ്രങ്ങൾ എന്നിവ തുറക്കുന്നതിന്.<br>• വിപണിയെ സംബന്ധിച്ചുള്ള പഠനം നിലവിലെ വിൽപ്പന കേന്ദ്രങ്ങളുടെ നവീകരണം.<br>• മാർക്കറ്റ് ഇന്റലിജൻസ് നെറ്റ് വർക്ക് രൂപപ്പെടുത്തുന്നതിനും നിലവിലുള്ള രൂപകൽപ്പനകൾ നവീകരിക്കുന്നതിനും മറ്റും<br>• ഗോഡൗൺ നിബന്ധനകൾക്ക് വിധേയ മായി ഡിസ്ക്കൗണ്ട് അനുവദിക്കുന്ന തിനുൾപ്പെടെയുള്ള പു തുമയാർന്ന കച്ചവട തന്ത്രങ്ങൾക്കും. |

സെക്ഷൻ ഓഫീസർ